**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3607** **08-10-2025 - ൽ മറുപടിയ്ക്ക്**

**എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പൂർണ്ണ അവകാശം ഭൂമിയിൽ ലഭിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂപരിഷ്കരണം നടന്ന സംസ്ഥാനത്ത് ഇപ്പോഴും പൂർണ്ണ അവകാശം ഭൂമിയിൽ ലഭിച്ചിട്ടില്ലെന്നിരിക്കെ കാണം, കുഴിക്കാണം, പാട്ടം തുടങ്ങി ജന്മവകാശം കിട്ടാതെ പട്ടയം ലഭിക്കുന്നതിന് ആയിരക്കണക്കിന് അപേക്ഷകൾ ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 1-4-1964 ന് മുൻപ് ജന്മി കുടിയാൻ ബന്ധത്തിൽ പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് അനുഭവിച്ച് വന്നിരുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക് കാർ എന്നിവർക്ക് 1963 ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ക്രയസർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുണ്ട്. ഇവരുടെ നിയമാനുസൃത അർഹത പരിശോധിക്കുന്നതും, കൈവശ ഭൂമിയിന്മേൽ fixity of tenure ഉണ്ടോയെന്ന് പരിശോധിക്കുന്നതും, ക്രയസർട്ടിഫിക്കറ്റ് നൽകുന്നതും ലാൻഡ് ട്രൈബ്യൂണലുകളാണ്. ഇതിനായി ലാൻഡ് ട്രൈബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ അധികാരങ്ങളാണുള്ളത്. സംസ്ഥാനത്തെ ലാൻഡ് ട്രൈബ്യൂ ണലുകൾ, സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകൾ, ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾ എന്നിവിടങ്ങളിലായി അൻപതിനായിരത്തോളം കേസുകളാണ് ഇനിയും തീർപ്പാക്കാനായി ശേഷിക്കുന്നത്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാൻഡ് ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. ഇതി ന്റെ പുരോഗതി പ്രതിമാസ അവലോകനം നടത്തി വിലയിരുത്തി വരുന്നു. കേസുകൾ കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡിൽ നിന്നും പരിശീലനവും നൽകി വരുന്നു. ഈ വർഷം ഏകദേശം മുപ്പതിനായിരത്തോളം അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളത്. ബാക്കി നിലനില്ക്കുന്ന അപേക്ഷകൾ 2026 ജനുവരി മാസം 31 നുള്ളിൽ തീർപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ചു വരുന്നു. |
| (ബി) | ഇല്ലാത്ത ജന്മിയെ തേടുന്ന ഇത്തരം നടപടിക്രമങ്ങൾ ഒഴിവാക്കി ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ? | (ബി) | 1963 ലെ കേരള ഭൂപരിഷ്കരണനിയമം നിലനില്ക്കുന്ന സാഹചര്യത്തിൽ ആയതിൽ ഭേദഗതി വരുത്താതെ ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ മറികടക്കുന്നത് നിയമപരമായി നിലനില്ക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ